ഏഴാം പദ്ധതിയുടെ അടങ്കൽ തുക

1089. [1611] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏഴാം പദ്ധതി ഏതെല്ലാം മേഖലകളിൽ പുരോഗതി കൈവരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(ബി) ഏഴാം പദ്ധതിയുടെ മൊത്തം അടങ്കൽ തുക എത്രയാണെന്നാണു കണക്കാക്കിയിരിക്കുന്നത് ;

(സി) ഇതിൽ സംസ്ഥാന നിക്ഷേപം എത്രയാണ് ;

(ഡി) സഹകാര്യ മേഖലയിലെ നിക്ഷേപം എത്ര ;

(ഇ) കേന്ദ്ര മേഖലയിലെ നിക്ഷേപം എത്ര ?

ഉത്തരം

(എ) കൃഷിയും അനുബന്ധ സർവ്വീസുകളും, വ്യവസായം, വൈദ്യുതി, ശുദ്ധജലവിതരണം, ഗതാഗതം, വേനനിർമ്മാണം, മറ്റു സാമൂഹ്യ സർവ്വീസുകളും എന്നീ മേഖലകളിൽ പുരോഗതി കൈവരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) ഏഴാം പദ്ധതിയുടെ കരടു രൂപരേഖ തയ്യാറാക്കിയപ്പോൾ ആകെ അടങ്കൽ തുക 8900 കോടി രൂപയായി കണക്കാക്കിയിരുന്നു.

(സി) സംസ്ഥാന നിക്ഷേപമായി 3300 കോടി രൂപയാണ് കണക്കാക്കിയിരുന്നത്. എന്നാൽ ആസൂത്രണ കമ്മീഷനുമായുള്ള ചർച്ചയിൽ അത് 2100 കോടി രൂപയായി നിജപ്പെടുത്തി.

(ഡി) കരടു രൂപരേഖയനുസരിച്ച് സഹകാര്യ മേഖലയിൽ ഏകദേശം 3000 കോടി രൂപയുടെ നിക്ഷേപമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. എന്നാൽ ആസൂത്രണകമ്മീഷനുമായുള്ള ചർച്ചകൾക്കുശേഷം ഇത് എത്രയായിരിക്കുമെന്ന് കണക്കാക്കിയിട്ടില്ല.

(ഇ) കരടു രൂപരേഖയനുസരിച്ച് കേന്ദ്രമേഖലയിൽ ഉദ്ദേശം 2600 കോടി രൂപയുടെ മുതൽമുടക്ക് പ്രതീക്ഷിക്കുന്നു. എന്നാൽ ആസൂത്രണ കമ്മീഷനുമായുള്ള ചർച്ചകൾക്കുശേഷം കേന്ദ്ര മേഖലയിൽ ഉണ്ടാകാനിടയുള്ള നിക്ഷേപം എത്രയെന്നു കണക്കാക്കിയിട്ടില്ല.

1090. [1612] ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ കൊമേഴ്സ്യൽ, ഫിസിക്സ്, ബയോളജി തുടങ്ങിയ വിഷയങ്ങളിൽ ബിരുദമുള്ളവരെ അഡീഷണൽ ഡിസ്ട്രിക്റ്റ് ഓഫീസർ തസ്തികകളിലേക്കുള്ള പ്രമോഷന് അർഹതയുള്ളവരായി പരിഗണിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതുമൂലം പരിചയ സമ്പന്നരായ സീനിയർ നോൺ ഗ്രാഡുവേറ്റുകൾക്ക് പ്രമോഷൻ കിട്ടുന്നതിന് ബുദ്ധിമുട്ട് ഉണ്ടാകുന്നതായി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത് പരിഹരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?



LIBRARY ARCHIVES Kerala Legislative Assembly